**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി ജനവിഭാഗങ്ങളുടെ വിവിധ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ വിവിധ വികസന ക്ഷേമ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതികളെപ്പറ്റി ജനങ്ങൾക്ക് അറിവ് നൽകുന്നതിന് വിവിധങ്ങളായ പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഓരോ പദ്ധതിക്കും അർഹരായവരെ യഥാസമയം കണ്ടെത്തുന്നതിനും അപേക്ഷകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും പട്ടികജാതി പ്രൊമോട്ടർമാർ വഴിയും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ സഹായത്തോടെയും വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. പരമാവധി പദ്ധതികൾ ഓൺലൈൻ ആയി തന്നെ നിർവഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ എണ്ണം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നിർവഹിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിനുവേണ്ടി സർക്കാർ തലം മുതൽ പ്രാദേശിക തലം വരെയും വിവിധ തട്ടുകളിലായി അവലോകനയോഗങ്ങളും മോണിറ്ററിങ് സംവിധാനങ്ങളും നടപ്പിലാക്കുന്നു. ഈ സർക്കാർ വന്നശേഷം ഓരോ നിയോജകമണ്ഡലത്തിലെയും MLAമാരുടെ അധ്യക്ഷതയിൽ പ്രത്യേക മോണിറ്ററിങ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | അതിദാരിദ്ര്യത്തിൽ കഴിയുന്ന പട്ടികവർഗ വിഭാഗങ്ങളുടെ കണക്ക് ത്രിതലപഞ്ചായത്തുകളുടെ സഹകരണത്തോടെ കണ്ടെത്തി അവരെ സഹായിക്കുവാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ